15. കെ. കെ. സുരേഷ്കുമാർ, സെൻറ് ജോസഫ് കോളേജ്, ദേവഗിരി.
16. കെ. ആർ. രാജി, സെൻറ് ജോസഫ് കോളേജ്, ദേവഗിരി,
17. എം. ജി, ചന്ദ്രൻ, മാത്തൂർ വീട്, സുൽത്താൻബത്തേരി.
18. എം. ബാലൻ, അളനാരി പുത്തൻവീട്, മടക്കിമല, സുൽത്താൻബത്തേരി.
19. ബാബു രാജൻ, കാവുടൻ, ഗവ. കോളേജ്, കാസർഗോട്.
20. കെ. എസ്. അനിൽകുമാർ, സ്യൂമാൻ കോളേജ്, തൊടുപുഴ.

(2) ഉദ്യോഗസ്ഥൻമാർ

1. പി. എസ്. ഭാസ്കരൻ നായർ, ചീഫ് പബ്ലിസിറ്റി ഓഫീസർ, പട്ടികജാതി വികസന വകുപ്പ്.
2. പി. ആർ. രാമചന്ദ്ര അയ്യർ, കോൺഫിഡൻഷ്യൽ അസിസ്റ്റൻറ്, പട്ടികജാതി വികസന വകുപ്പ്,

(സി) കന്യാകുമാരി, മദ്രാസ്, ഹൈദ്രാബാദ്, ബാംഗ്ലൂർ, മൈസൂർ, ഊട്ടി, ബോംബെ, ഡൽഹി എന്നീ പട്ടണങ്ങളിലുള്ള ചരിത്രപ്രസിദ്ധങ്ങളായ സ്ഥലങ്ങളും മറ്റ് പ്രധാന കേന്ദ്രങ്ങളും സന്ദർശിച്ചു.

നിയമവിരുദ്ധമായി ബോട്ടുപയോഗിച്ചുള്ള മൽസ്യ ബന്ധനം

1795 [2720] ശ്രീ. വി. കെ. രാജൻ :
,, കെ. ഇ. ഇസ്മയിൽ :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. കെ. ടി. കണാരൻ :
,, കാനം രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിയമവിരുദ്ധമായി പേഴ്സീൻ ബോട്ടുപയോഗിച്ച് മൽസ്യബന്ധനം നടത്തിയതിൻെറ പേരിൽ 1984-85, 1985-86, 1986-87 ഒക്ടോബർ 10 വരെ എത്ര കേസുകൾ എടുത്തിട്ടുണ്ട് ;

(ബി) അവയുടെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 1984-85-ൽ 8 (എട്ട്) പേഴ്സീൻ ബോട്ടുകൾ പിടിച്ചെടുത്ത് കേസുകൾ എടുത്തു. 1985-86 വർഷത്തിലും 1986-87 വർഷത്തിൽ ഒക്ടോബർ 10-ാം തീയതിവരെയും ഈ ഇനത്തിൽ പേഴ്സീൻ ബോട്ടുകൾ പിടിച്ചെടുത്തിട്ടില്ല.

(ബി) 1984-85 വർഷത്തിൽ പിടിച്ചെടുത്ത് കേസാക്കിയ എട്ട് ബോട്ടുകളും എറണാകുളം ജില്ലയിൽനിന്ന് മാത്രമാണ്.

LIBRARY ARCHIVES Kerala Legislative Assembly